**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1455** **19-09-2025 - ൽ മറുപടിയ്ക്ക്**

**ദിവസവേതാനടിസ്ഥാനത്തിലുള്ള അധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഗവൺമെന്റ്/ എയ്ഡഡ് സ്കൂളുകളിൽ ദിവസവേതാനടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിന് ചുരുങ്ങിയത് എത്ര ദിവസത്തെ ഒഴിവുണ്ടായിരിക്കണമെന്ന് വ്യക്തമാക്കാമോ ; ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിന് ഗവൺമെന്റ് / എയ്ഡഡ് സ്കൂളുകളിൽ വ്യത്യസ്ത മാനദണ്ഡങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | (എ) | ഗവൺമെന്റ് സ്കൂളുകളിൽ 30 ദിവസത്തിൽ കൂടുതലുള്ള ഹ്രസ്വകാല അവധി ഒഴിവുകളിലും PSC ലിസ്റ്റ് അവസാനിക്കുന്ന അവസരങ്ങളിലും മറ്റുമാണ് ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നത്. എയ്ഡഡ് സ്കൂളുകളിൽ 30 ദിവസത്തിൽ കൂടുതലുള്ളതും അക്കാദമിക വർഷത്തിൽ അധികരിക്കാത്തതുമായ ഒഴിവുകളിലാണ് ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നത്. എയ്ഡഡ് സ്കൂളുകളിൽ എല്ലാത്തരം നിയമനങ്ങളും സ്കൂൾ മാനേജർമാരാണ് നടത്തുന്നത്.<br><br>സർക്കാർ/എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ 30 ദിവസത്തിലധികമായി ഒഴിഞ്ഞുകിടക്കുന്ന (ട്രാൻസ്ഫർ, അവധി, റിട്ടയർമെൻറ്, രാജി, മരണം, സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡെപ്യൂട്ടേഷൻ, തസ്തിക സൃഷ്ടിച്ചിട്ടും നിയമനമാകാത്തത് എന്നീ കാരണങ്ങളാൽ) തസ്തികകളിൽ ഗസ്റ്റ് അധ്യാപകരെ നിയമിക്കാവുന്നതാണ്. സ.ഉ. (സാധാ) നം. 3371/19/പൊ.വി.വ തീയതി 22/08/2019 പ്രകാരം എയ്ഡഡ് സ്കൂളുകളിൽ 30 ദിവസം മുതൽ 3 മാസം വരെയുള്ള അവധി ഒഴിവിലെ നിയമനത്തിന് ബന്ധപ്പെട്ട മാനേജ്മെന്റുകൾ തന്നെ ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്. |
| (ബി) | എയ്ഡഡ് പ്രൈമറി, എയ്ഡഡ് ഹൈസ്കൂൾ, എയ്ഡഡ് ഹയർ സെക്കന്ററി വിഭാഗങ്ങളിൽ ഇത്തരത്തിലുള്ള ഒഴിവുകളിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിനും ദിവസവേതനം അനുവദിക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഈ വിഭാഗങ്ങളിൽ വ്യത്യസ്ത | (ബി) | എയ്ഡഡ് പ്രൈമറി, എയ്ഡഡ് ഹൈസ്കൂൾ വിഭാഗങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നത് ചുവടെ ചേർക്കുന്ന സാഹചര്യങ്ങളിലാണ്:<br><br>1. KER അധ്യായം XXI, ചട്ടം 7(1) മുതൽ 7( 4) വരെയുള്ളവ പ്രകാരമോ മറ്റ് സർക്കാർ ഉത്തരവുകൾ പ്രകാരമോ നിയമിക്കുവാൻ സംരക്ഷിത |

| | | | |
|---|---|---|---|
| | മാനദണ്ഡങ്ങൾ സ്വീകരിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | അദ്ധ്യാപകരെ ലഭിക്കാത്ത സാഹചര്യത്തിൽ സംരക്ഷിത അദ്ധ്യാപകരെ ലഭ്യമാകുന്നത് വരെ പ്രസ്തുത സ്കൂളുകളിലെ അത്തരം ഒഴിവുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുവാൻ നിർദേശം നൽകിയിട്ടുണ്ട്.<br><br>2. 2022 -23 വർഷം എയ്ഡഡ് സ്കൂളിൽ അധിക തസ്തിക സൃഷ്ടിച്ച് കെ.ഇ.ആർ. അദ്ധ്യായം XXI ചട്ടം 7 ലെ വിവിധ വ്യവസ്ഥകൾ അനുസരിച്ച് നിയമനം നടത്തുന്നതുവരെയുള്ള കാലയളവിൽ കുട്ടികളുടെ അധ്യയനം മുടങ്ങാതിരിക്കുന്നതിനായി ദിവസവേതനാടിസ്ഥാനത്തിൽ താത്കാലിക അദ്ധ്യാപകരെ സ്കൂൾ തുറക്കുന്ന തീയതി മുതൽ നിയമിക്കുന്നതിന് സ.ഉ. (എം.എസ്) 102/2022/GEDN തീയതി 08/06/2022 പ്രകാരം നിർദേശം നൽകിയിട്ടുണ്ട്.<br><br>3. സ.ഉ. (എം.എസ്) 83/2018/ പൊ.വി.വ തീയതി 12.06.2018 പ്രകാരം മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത വിദ്യാലയങ്ങളിലെ പുതിയ നിയമനങ്ങൾ എല്ലാം ദിവസവേതനാടിസ്ഥാനത്തിൽ മാത്രമായിരിക്കും.<br><br>4. ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട ബഹു. ഹൈക്കോടതിയുടെ W.A. No.1602/2022 കേസിലും അനുബന്ധ കേസുകളിലും ഉള്ള വിധിന്യായ പ്രകാരം 08.11.2021 ശേഷമുള്ള ഒഴിവുകൾ മാനേജർമാർ ദിവസ വേതനത്തിൽ മാത്രമേ നികത്താവൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>5. എയ്ഡഡ് പ്രൈമറി, എയ്ഡഡ് ഹൈസ്കൂൾ വിഭാഗങ്ങളിൽ, 30 ദിവസത്തിൽ കൂടുതലുള്ള ഹ്രസ്വകാല അവധി ഒഴിവുകളിലും മാനേജർമാർ ദിവസവേതനത്തിൽ മാത്രമേ നികത്താവൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>6. പീരീഡ് അടിസ്ഥാനത്തിൽ എച്ച് എസ് ടി ഇംഗ്ലീഷിന്റെ അധിക തസ്തികകൾ അനുവദിക്കുമ്പോൾ പ്രസ്തുത തസ്തികകളിൽ വ്യവസ്ഥകൾക്ക് വിധേയമായി താത്കാലിക തസ്തിക സൃഷ്ടിച്ച് ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കുവാനാണ് സ.ഉ(എം.എസ്) 120/2024/ പൊ.വി.വ തീയതി 26.09.2024 പ്രകാരം നിർദേശം നൽകിയിട്ടുള്ളത്. |
| (സി) | എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ഹയർ സെക്കന്ററി വിഭാഗത്തിൽ 30 ദിവസത്തിനു മുകളിലും 90 ദിവസത്തിൽ താഴെയുള്ള ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരാവുന്ന | (സി) | എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ സ്ഥിരം അധ്യാപകൻ അവധിയിൽ പ്രവേശിച്ചത് മൂലമല്ലാതെ 30 ദിവസത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന എല്ലാ ഒഴിവുകളിലും ദിവസവേതനാടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | അധ്യാപകർക്ക് വേതനം അനുവദിക്കേണ്ടത് സർക്കാരാണോ അല്ലെങ്കിൽ മാനേജ്മെന്റുകളാണോ; മാനേജ്മെന്റുകളാണെങ്കിൽ ശമ്പളം അനുവദിച്ച് നൽകുന്നതിന് സർക്കാർ എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ? | | അധ്യാപകരെ നിയമിക്കാവുന്നതും സർക്കാർ വേതനം അനുവദിക്കുന്നതുമാണ്. എന്നാൽ 22/08/2019 തീയതിയിലെ സ.ഉ. (സാധാ) നം. 3371/2019/ പൊ.വി.വ പ്രകാരം എയ്ഡഡ് സ്കൂളുകളിൽ 30 ദിവസം മുതൽ 3 മാസം വരെയുള്ള അവധി ഒഴിവിലെ (സ്ഥിരം അധ്യാപകൻ അവധിയിൽ പ്രവേശിക്കുന്നത് കൊണ്ട് ) നിയമനത്തിന് ബന്ധപ്പെട്ട മാനേജ്മെന്റുകൾ തന്നെ ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്. |

സെക്ഷൻ ഓഫീസർ